**MUSIC FOR LIFE**

CHRISTIAN MUSICOLOGICAL SOCIETY of INDIA

Track - 07

# എന്റെ വ്രണിത ശരീരം

രചന : P. Bhaskaran    സംഗീതം : Jerry Amaldev

ആലാപനം : Joseph J. Palackal

എന്റെ വ്രണിത ശരീരം നിങ്ങൾ
എവിടെ തേടുന്നു (2)
എന്തിനലയുന്നു.............. (എന്റെ വ്രണിത)

പവിഴക്കതിരണി വയലിൽ വിയർക്കും (2)
പതിത കർഷകൻ ഞാൻ തന്നെ
പുകതുപ്പിടും യന്ത്രശാലയിൽ (2)
പുകയും മർദ്ധിതനും ഞാൻ തന്നെ
എവിടെ തേടുന്നു എന്തിനലയുന്നു..............
(എന്റെ വ്രണിത)

പൊട്ടിയൊലിക്കും ദേഹത്താൽ കേഴും (2)
കുഷ്ഠരോഗിയും ഞാൻ തന്നെ
രാജവീഥിയിൽ ജീവൻ പുലർത്താൻ (2)
യാചിക്കും പൈതലും ഞാൻ തന്നെ
എവിടെ തേടുന്നു എന്തിനലയുന്നു..............
(എന്റെ വ്രണിത)

ആ കണ്ണീർ എന്റെ കണ്ണീർ
ആ രക്തം എന്റെ ഹൃദയ രക്തം
അവരെ താങ്ങും അവികല കർമ്മം
എന്റെ അനവദ്യമാം ആരാധനാ....

www.TheCMSIndia.org